

അഭിമുഖം ● ഡോ. നജാത്തുല്ലാ സിദ്ദീഖി / മുഹമ്മദ് പാലത്ത്

# ഇസ്‌ലാമിക് ഫിനാൻസിൽ പുതിയ അന്വേഷണങ്ങൾ ഉണ്ടാവട്ടെ

*ഇസ്‌ലാമിക് ഫിനാൻസ് ഇന്ന് ഏറെ വളർച്ചയും സ്വീകാര്യതയും നേടിയിട്ടുണ്ടെങ്കിലും ഇപ്പോഴും അത് ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പലിശക്കു ലാഭ-നഷ്ട പങ്കാളിത്തം പകരം വെക്കുമ്പോൾ ഇസ്‌ലാമിക് ബാങ്കുകൾ പലിശാധിഷ്ഠിത ബാങ്കുകളേക്കാൾ ചൂഷണപരമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നത് അതിലൊന്നാണ്. ഇതേപ്പറ്റി താങ്കളുടെ പ്രതികരണം?*

അല്ലാഹു കച്ചവടം അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. നിരോധിച്ച പലിശയുടെ സ്ഥാനത്ത് അനുവദിച്ച ലാഭം പ്രതിഷ്ഠിക്കുകയാണ് ഇസ്‌ലാമിക് ഫിനാൻസ് ചെയ്യുന്നത്. കൂടാതെ ഇസ്‌ലാം നിരോധിച്ച സാധനങ്ങളുടെ ഉൽപാദനം, ചൂതാട്ടം, അനിശ്ചിതത്വം, ഊഹക്കച്ചവടം തുടങ്ങിയ കാര്യങ്ങളിൽനിന്നും സ്വതന്ത്രമായ ഇടപാടുകളാണ് ഇസ്‌ലാമിക് ഫിനാൻസ് പ്രോത്സാഹിപ്പിക്കുന്നത്. പലിശ സ്വീകരിക്കുന്ന ഇടപാടാണോ വേണ്ടത്, അതല്ല ലാഭ-നഷ്ട പങ്കാളിത്തം സ്വീകരിക്കണോ എന്നത് ഓരോ വ്യക്തിയുടെയും നയപരമായ തീരുമാനമാണ്. എത്ര ശതമാനം പലിശ നൽകണം എന്ന് തീരുമാനിക്കുന്നത് പണം സ്വീകരിക്കുന്ന സ്ഥാപനം അഥവാ ബാങ്കാണ്. എന്നാൽ ലാഭം തീരുമാനിക്കുന്നത് മാർക്കറ്റിൽ വെച്ചാണ്. അത് കൂടാനും കുറയാനും സാധ്യതയുണ്ട്. ചിലപ്പോൾ നഷ്ടവും വരാം. വ്യവസായ, വാണിജ്യ സ്ഥാപനത്തിൽ ഒരാളെ പങ്കാളിയായി ചേർത്ത് നിശ്ചിത ശതമാനം ലാഭം നൽകണമെന്ന കരാറിൽ ഒപ്പുവെച്ച ശേഷം കൊടുക്കുന്ന ലാഭം പലിശനിരക്കിനേക്കാൾ കൂടുതലാണ് എന്നതിനാൽ ചൂഷണാത്മകമാണ് എന്ന് പറയുന്നത് തികഞ്ഞ അൽപത്തമാണ്. ഒരാൾ കുറഞ്ഞ പലിശ നിരക്കിൽ കടമെടുത്ത് കൂടുതൽ ലാഭമുണ്ടാക്കുന്ന ബിസിനസ് നടത്തുമ്പോൾ യഥാർഥത്തിൽ ചൂഷണം നടക്കുന്നുണ്ട്. പക്ഷേ, ചൂഷണം ചെയ്യപ്പെടുന്നത് നിക്ഷേപകനാണ് എന്നു മാത്രം. അതിനാൽ പലിശയെയും ലാഭത്തെയും താരതമ്യം ചെയ്യുന്നത് ശരിയല്ല. സമ്പദ്‌വ്യവസ്ഥയിൽ യഥാർഥ ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുക

വഴി കാര്യക്ഷമതയും തൊഴിലും വർധിക്കുന്നതായാണ് അനുഭവപ്പെടുക.

*ഇസ്‌ലാം പലിശ നിരോധിച്ചു എന്നത് ശരിതന്നെ. എന്നാൽ ബാങ്ക് പലിശ അതിൽ ഉൾപ്പെടില്ലെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. ഇത് ശരിയാണോ?*

വിശുദ്ധ ഖുർആൻ അഞ്ചോ ആറോ സ്ഥലങ്ങളിൽ പലിശ നിരോധം പരാമർശിച്ചിട്ടുണ്ട്. അതിൽ ഏറ്റവും അവസാനത്തേത് ധന ഇടപാടുകളിൽ അധികമായി വാങ്ങുന്നതെല്ലാം ഒഴിവാക്കാൻ നടത്തുന്ന ആഹ്വാനമാണ്. തന്റെ പിതൃവ്യൻ അബ്ബാസി(റ)ന് പണമിടപാടുകളിൽ അധികമായി ലഭിക്കാനുള്ള സംഖ്യ റദ്ദാക്കിക്കൊണ്ടാണ് പ്രവാചകൻ ഇത് നടപ്പിലാക്കിയത്. അതിനാൽ ഉയർന്ന പലിശ, കുറഞ്ഞ പലിശ എന്ന വിഭജനം ഇസ്‌ലാമിൽ കാണുക സാധ്യമല്ല. ഇമാം ഗസ്സാലി(റ) പലിശക്ക് നൽകിയ വിശദീകരണത്തിൽ വ്യക്തമാക്കുന്നത്, സാധനങ്ങളുടെ ഇടപാടുകളിലോ പണ കൈമാറ്റത്തിലോ അധികമായി വാങ്ങുന്നതെന്തും പലിശയാണ് എന്നാണ്. ഇതിനപ്പുറം ഒരു വിശദീകരണം ഇതിൽ ആവശ്യമില്ല.

*ആധുനിക സമ്പദ്‌വ്യവസ്ഥകളിൽ പണപ്പെരുപ്പം സ്ഥിരമായ പ്രതിഭാസമാണ്. പണപ്പെരുപ്പം പണത്തിന്റെ മൂല്യത്തിൽ കുറവ് വരുത്തുമല്ലോ. കടം വാങ്ങുന്ന ആൾ ആഴ്ചകൾക്കോ മാസങ്ങൾക്കോ ശേഷം തിരിച്ചുനൽകുമ്പോൾ പണപ്പെരുപ്പ നിരക്കിന് അനുസൃതമായി അധിക തുക ഈടാക്കുന്നതിൽ തെറ്റുണ്ടോ?*

ലോകത്ത് കഴിഞ്ഞ ദശകങ്ങളിൽ ധാരാളം ചർച്ചകൾ നടന്ന വിഷയമാണിത്. ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്കിന്റെ ഗവേഷണ വിഭാഗമായ ഇസ്‌ലാമിക് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇതിനു നേതൃത്വം നൽകിയത്. വ്യക്തമായ ഒരു ധാരണയിൽ എത്താൻ കഴിഞ്ഞിട്ടില്ല. പണപ്പെരുപ്പം ആധുനിക സമ്പദ്‌വ്യവസ്ഥ നേരിടുന്ന സങ്കീർണമായ പ്രശ്നമാണ് എന്ന കാര്യത്തിൽ തർക്കമില്ല. പണവ്യവസ്ഥയാണ് അതിനു കാരണം. ഇസ്‌ലാമിക ഭരണം നിലവിലിരുന്ന ഘട്ടത്തിൽ കറൻസി സമ്പ്രദായം നിലവിൽ വന്നിരുന്നില്ല. സ്വർണം-വെള്ളി നാണയങ്ങളായിരുന്നു പ്രയോഗത്തിൽ. ഇസ്‌ലാമിക് ഫിനാൻസ് സമ്പൂർണമായി നിലവിൽ വരുമ്പോൾ മൂല്യശോഷണം സംഭവിക്കാത്ത കറൻസി സിസ്റ്റം വികസിപ്പിക്കാനുള്ള ഗവേഷണങ്ങൾ ആവശ്യമാണ്. അതൊരു പുതിയ വഴി തുറന്നേക്കും. നിലവിൽ ഇസ്‌ലാമിക് ബാങ്കുകൾ നടത്തുന്ന ഇടപാടുകളിൽ പണപ്പെരുപ്പ നിരക്ക് പരിഗണിക്കുന്നേയില്ല. വ്യക്തികൾക്കിടയിലുള്ള കടമിടപാടുകൾ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നത് അത് ഗുണകാംക്ഷയോടെയുള്ളതാവണം എന്ന നിലക്കാണ്. കടം ദാനത്തേക്കാൾ പ്രതിഫലാർഹമാണ്. അവിടെ നാം പണപ്പെരുപ്പ നിരക്കിൽ അധികം പ്രതീക്ഷിക്കുന്നത് ശരിയല്ലല്ലോ.

*സാമ്പ്രദായിക ബാങ്കുകളിൽ നിന്ന് ആളുകളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും കടം ലഭിക്കും. നമ്മുടെ നാട്ടിലെ താഴെ തട്ടിലുള്ള ആളുകൾ പല ആവശ്യങ്ങളും പൂർത്തീകരിക്കുന്നത് അതുപയോഗിച്ചാണ്. എന്നാൽ ഇസ്‌ലാമിക് ബാങ്കുകൾ കടപരമായ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നില്ല. നിക്ഷേപത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. പിന്നെങ്ങനെയാണ് ഇസ്‌ലാമിക് ബാങ്കിംഗ് ദരിദ്രർക്ക് പ്രാപ്യമാവുക? ഇസ്‌ലാമിക ബാങ്കുകൾ മുതലാളിത്ത താൽപര്യങ്ങളെ സംരക്ഷിക്കുന്നു എന്ന ആരോപണം ശരിയാണോ?*

ബാങ്കുകൾ ധനവ്യവസ്ഥയിലെ മധ്യവർത്തികളാണ്. പണം കൂടുതൽ ഉള്ളവരിൽനിന്ന് സ്വരൂപിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കുക എന്ന പ്രവർത്തനമാണ് ബാങ്കുകൾ നിർവഹിക്കുന്നത്. ഇസ്‌ലാമിക് ബാങ്കും സാമ്പ്രദായിക ബാങ്കും നിർവഹിക്കുന്നത് ഇതുതന്നെയാണ്. ഒരേയൊരു വ്യത്യാസം ഇസ്‌ലാമിക ബാങ്ക് പലിശക്കു പകരം മറ്റു ചില രീതികൾ ഉപയോഗിക്കുന്നു എന്നതു മാത്രമാണ്. എല്ലാ ബാങ്കുകളും പണം കൂടുതലായി അനുവദിക്കുന്നത് നിക്ഷേപാവശ്യങ്ങൾക്കു തന്നെയാണ്. സാമ്പ്രദായിക ബാങ്കുകൾ പലിശയാണ് ഈടാക്കുന്നത് എന്നതിനാൽ ഉൽപാദനപരമല്ലാത്ത ആവശ്യങ്ങൾക്കും പണം ലഭിക്കുന്നുണ്ട്. അതുവഴി രാജ്യത്ത് ഉൽപാദനപരമായി വിനിയോഗിക്കേണ്ട പണം മറ്റു മേഖലകളിലേക്ക് തിരിച്ചുവിടപ്പെടുന്നു. ബാങ്കുകൾ കൂടുതൽ കടം സൃഷ്ടിക്കുന്നതും അതിന്റെ പെരുകലുമാണ് സമ്പദ്‌വ്യവസ്ഥയിൽ അസ്ഥിരത സൃഷ്ടിക്കുന്നതെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇസ്‌ലാം ഇത്തരം കട സൃഷ്ടിപ്പിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ലഭ്യമായ വിഭവങ്ങളെ പരമാവധി ഉൽപാദന മേഖലകളിലേക്ക് തിരിച്ചുവിടണം എന്നതാണ് ഇസ്‌ലാമിക ശാസന. അതി

നാൽ നല്ല പദ്ധതികൾ മുന്നോട്ടു വെക്കാൻ കഴിയുന്ന കഴിവുള്ള സംരംഭകന് ലാഭ-നഷ്ട പങ്കാളിത്ത രീതിയിൽ പണം നൽകുകയാണ് ഇസ്‌ലാമിക് ബാങ്ക് ചെയ്യുന്നത്. സംരംഭകന്റെ സമ്പത്തിന്റെ കനമല്ല, കഴിവും ലാഭക്ഷമതയുമാണ് ഇവിടെ മാനദണ്ഡം. മുതലാളിത്ത താൽപര്യങ്ങളല്ല, ജനതയുടെ പൊതുതാൽപര്യമാണ് സംരക്ഷിക്കപ്പെടുന്നത്.

അതേസമയം ആളുകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനങ്ങളും ഇസ്‌ലാമിക് ബാങ്കിംഗ് സംവിധാനത്തിൽ നിലനിൽക്കുന്നു. മുറാബഹ സംവിധാനത്തിലൂടെ ഉപഭോക്തൃ വസ്തുക്കൾ ബാങ്കുവഴി വാങ്ങാം. കടമിടപാടിനു പകരം വ്യാപാര ഇടപാടാണ് ബാങ്ക് ഇവിടെ ഉപയോഗിക്കുന്നത്. യഥാർഥ സർവീസ് ചാർജ് ഈടാക്കി വായ്പ നൽകുന്ന ഖർദ് ഹസൻ സൗകര്യങ്ങളും മിക്ക ബാങ്കുകളിലുമുണ്ട്. സകാത്ത് ഫണ്ടുകളും മറ്റുമാണ് ബാങ്ക് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. ഇതിനു പുറമെ ആളുകളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുകയും അവർക്ക് തൊഴിൽ സംരംഭങ്ങൾ വികസിപ്പിക്കാൻ സഹായിച്ച് സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിനുള്ള മൈക്രോ ഫിനാൻസ് സംരംഭങ്ങളും ഇസ്‌ലാമിക് ബാങ്കുകൾ മുൻകൈയെടുത്തും അല്ലാതെയും ആരംഭിക്കുന്നുണ്ട്. ദാരിദ്ര്യ നിർമാർജനത്തിന് പര്യാപ്തമായ രീതികളിൽ പ്രധാനം മൈക്രോ ഫിനാൻസ് ആണെന്നും അതിൽതന്നെ പലിശരഹിതമായി പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസാണ് പരമ ദരിദ്രർക്ക് ആശ്വാസമാകുന്നതെന്നും നിരവധി പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. നിക്ഷേപം വഴി ലാഭമുണ്ടാക്കുകയും അത് പങ്കുവെക്കുകയും ചെയ്യുക വഴി നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ദാരിദ്ര്യ നിർമാർജനത്തിന് പണം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളും ഇസ്‌ലാമിക് ഫിനാൻസ് പരിഗണിക്കുന്നു. രണ്ടും പ്രോത്സാഹനാജനകമാണ്.

*ഇസ്‌ലാമിക് ബാങ്കുകളും സൂക്ഷ്മ വായ്പാ സ്ഥാപനങ്ങളും പണം കടമായി നൽകുമ്പോൾ സർവീസ് ചാർജ് ഈടാക്കുന്നുണ്ടല്ലോ. നിശ്ചിത ശതമാനമാണ് സർവീസ് ചാർജായി ഈടാക്കുന്നത്. ഇതും പലിശയും സമാനമാണോ? പേരിൽ മാത്രമാണോ വ്യത്യാസം?*

സർവീസ് ചാർജ് എന്നാൽ ആ സ്ഥാപനം ഒരു ലോൺ നൽകി അത് തിരിച്ചു പിടിക്കുമ്പോൾ വരുന്ന യഥാർഥ ചെലവാണ്. യഥാർഥ ചെലവ് ഈടാക്കുന്നതിൽ തെറ്റില്ല. ചില സ്ഥാപനങ്ങൾ ആറും ഏഴും ശതമാനം സർവീസ് ചാർജ് ഈടാക്കുന്നുണ്ട്. എത്ര ശതമാനം എന്നതല്ല പ്രശ്നം. യഥാർഥത്തിൽ വരുന്ന ചെലവേ അനുവദിക്കപ്പെട്ടിട്ടുള്ളൂ. പലിശയുമായി ഇതിനെ താരതമ്യം ചെയ്യാനും കഴിയില്ല. പലിശ കാലഗണനക്കനുസരിച്ച് വർധിക്കുകയും അടവുതെറ്റുമ്പോൾ വീണ്ടും വർധിക്കുകയും ചെയ്യും. സർവീസ് ചാർജ് നിശ്ചിതമാണ്. ഒരിക്കൽ ചുമത്തിയത് പിന്നീട് വർധിക്കുന്നില്ല. ആദ്യത്തിൽ യഥാർഥ ചെലവ് കണക്കാക്കാൻ പറ്റുന്നില്ലെങ്കിൽ നിശ്ചിത തുക ഈടാക്കി, അവസാനത്തിൽ ബാക്കി വരുന്ന തുക അയാളുടെ അക്കൗണ്ടിലേക്ക് നീക്കിവെക്കുകയും ആവാം.

*പലിശയെ എല്ലാ മതങ്ങളും ദർശനങ്ങളും ആധുനിക സാമ്പത്തിക ശാസ്ത്രവും നിരുത്സാഹപ്പെടുത്തുന്നു. അതിനു പകരം ലാഭ പങ്കാളിത്ത രീതിയും ഒരളവുവരെ എല്ലാവർക്കും സ്വീകാര്യമാണ്. എന്നാൽ ഇന്ത്യയെപോലുള്ള രാജ്യങ്ങളിൽ ഇസ്‌ലാമിക് എന്ന പേര് ഒഴിവാക്കി പലിശരഹിത ബാങ്കിംഗ്, ആൾട്ടർനേറ്റീവ് ബാങ്കിംഗ് എന്നിങ്ങനെ സ്വീകരിക്കുന്നതിൽ തെറ്റുണ്ടോ?*

പേരിലല്ല കാര്യം. അത് നടപ്പിൽ വരുത്തുന്ന വിനിമയ രീതികളിലാണ്. പല പാശ്ചാത്യ രാജ്യങ്ങളും സ്ഥാപനങ്ങളും 'ഇസ്‌ലാമിക്' എന്ന പേര് ഉപയോഗിക്കുന്നില്ല. എത്തിക്കൽ ഫിനാൻസ്, പലിശരഹിത ബാങ്കിംഗ്, ആൾട്ടർനേറ്റീവ് ബാങ്കിംഗ് എന്നിങ്ങനെയെല്ലാം ഉപയോഗിക്കുന്നവരുണ്ട്. ഇന്ത്യൻ സാഹചര്യത്തിലും ഇതുതന്നെയാണ് ഉചിതം. പക്ഷേ, വ്യക്തമായ നിയന്ത്രണ സംവിധാനങ്ങൾക്കകത്തുനിന്ന് സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവണം.

*ഇന്ത്യയിൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടല്ലോ. ഇസ്‌ലാമിക് ബാങ്കുകളിൽ വിദ്യാഭ്യാസ വായ്പ നൽകാനുള്ള സംവിധാനങ്ങളുണ്ടോ? ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ ഇസ്‌ലാമിക് ബാങ്ക് നിലവിൽ വരുമ്പോൾ ഇതിനൊരു രീതി ആവശ്യമായി വരില്ലേ?*

ഇന്ത്യയിൽ മാത്രമല്ല, വിദ്യാഭ്യാസം സാർവത്രികമാവുകയും അത് ചെലവ് കൂടിയതാവുകയും ചെയ്തതോടെ ലോകത്തെല്ലായിടത്തും വിദ്യാഭ്യാസ വായ്പകൾ പ്രചാരത്തിലുണ്ട്. സാമ്പ്രദായിക

ബാങ്കുകൾ നിശ്ചിത കാലത്തേക്ക് പലിശ ഈടാക്കിയാണ് ഇത് നൽകുന്നത്. ഇസ്‌ലാമിക് ബാങ്കിൽ ഇതിനു സമാനമായ രീതികൾ വികസിപ്പിക്കപ്പെട്ടിട്ടില്ല എന്നതാണ് ശരി. എന്നാൽ ഗൾഫ് മേഖലകളിലെ ചില ബാങ്കുകൾ മുറാബഹ, ഇജാറ രീതികൾ ഉപയോഗിച്ച് വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ട്. ഒരു യുവാവിന് മെഡിക്കൽ കോഴ്സ് പഠിക്കാൻ പത്തു ലക്ഷം രൂപ ആവശ്യമായി വരികയാണെങ്കിൽ പഠന പൂർത്തീകരണത്തിനു ശേഷം ഇയാളെ ഉൽപന്നമായി പരിഗണിച്ച് അധികം തുകക്ക് വിൽക്കുന്നതായി കണക്കാക്കുകയും അതിന് ഡോക്ടറിൽനിന്നോ അദ്ദേഹത്തിന്റെ സർവീസ് ഉപയോഗപ്പെടുത്തുന്നവരിൽനിന്നോ അധികം തുക ഈടാക്കാനുള്ള കരാർ ഒപ്പുവെക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഒരാൾ പഠനം കഴിഞ്ഞ് ജോലി ലഭ്യമാവാനുള്ള കാലതാമസം ഒരു പ്രശ്നമാണ്. ഒരു വ്യക്തി നല്ല ഡോക്ടറാവാൻ പത്തു മുതൽ 12 വർഷം വരെയാവും. മാത്രമല്ല ഇതിന് റിസ്ക് കൂടുതലാണ്. ഡോക്ടർ മരണപ്പെടാം, തൊഴിൽപരമായി പരാജയപ്പെടാം തുടങ്ങിയ സാധ്യതകളുണ്ട്. അങ്ങനെ വരുമ്പോൾ ഉൽപന്നം അഥവാ ഇടപാട് ഇൻഷുർ ചെയ്യാനുള്ള സംവിധാനം വേണം. ഇൻഷുറൻസ് സ്ഥാപനങ്ങൾക്ക് റീ ഇൻഷുറിനുള്ള സാധ്യതകളും നിലവിൽ വരണം. അതിനാൽ തന്നെ നിലവിൽ ഇത് വേണ്ടത്ര വിജയിച്ചിട്ടില്ല. ഈ രംഗത്ത് കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും ആവശ്യമാണ്. നാമറിയേണ്ടത് സാമ്പ്രദായിക ബാങ്കിംഗ് സിസ്റ്റം ഇന്നത്തെ നിലയിലെത്തിയത് അഞ്ച് നൂറ്റാണ്ട് കാലത്തെയെങ്കിലും വളർച്ചയിലൂടെയാണ്. ഇസ്‌ലാമിക് ബാങ്കുകൾക്ക് ഇപ്പോൾ 35 വയസ്സ് ആവുന്നേയുള്ളൂ. കൂടുതൽ പഠനങ്ങൾ ഒരു പക്ഷേ പുതിയ രീതികൾ വികസിപ്പിക്കാൻ സഹായിച്ചേക്കാം.

*അടുത്ത കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിക്ക് ഇസ്‌ലാമിക് ഫിനാൻസ് യഥാർഥ പരിഹാരമാണോ? അങ്ങനെയാണല്ലോ ചർച്ചകൾ നടക്കുന്നത്. ഒരു ബദൽ എന്ന നിലയിൽ ഇസ്‌ലാമിക് ഫിനാൻസിന്റെ സാധ്യതകൾ എത്രത്തോളമാണ്?*

ആധുനിക സമ്പദ്‌വ്യവസ്ഥയുടെ തകർച്ചക്ക് കാരണമെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തിയ പല ഘടകങ്ങളും ഇസ്‌ലാമിക് ഫിനാൻസ് നിരോധിക്കുന്നു എന്നതാണ് ഇസ്‌ലാമിക് ഫിനാൻസിനെ ബദലായി പരിഗണിക്കാൻ കാരണം. പലിശാധിഷ്ഠിത കടങ്ങൾ ഓരോ ദിവസവും കൂടുതൽ കൂടുതൽ കടങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചിത കാലയളവിൽ പലിശയടക്കം ഇത് തിരിച്ചടക്കേണ്ടതുണ്ട്. ഇന്നത്തേതിനേക്കാൾ കൂടുതൽ പണം നാളെ ആവശ്യമുണ്ട്. കാരണം പലിശ ദിനേന വർധിക്കുകയാണ്. യഥാർഥ സമ്പത്ത് അത്രകണ്ട് വർധിക്കുന്നില്ല. ആസ്തികളും ബാധ്യതയും തമ്മിലുള്ള ഈ അന്തരമാണ് പ്രതിസന്ധിയുടെ പ്രധാന കാരണം. ഓരോ പ്രതിസന്ധിയും മറ്റൊരു പ്രതിസന്ധിക്ക് വിത്തു പാകിയാണ് അവസാനിക്കുന്നത്. കൂടുതൽ പണം മാർക്കറ്റിൽ ലഭ്യമാക്കി ക്രയശേഷി വർധിപ്പിച്ചപ്പോഴാണ് പ്രതിസന്ധി നീങ്ങിയത്. അതിനായി കൂടുതൽ കടം വാങ്ങേണ്ടിവരുന്നു. കടത്തിന് പലിശ നൽകണം. ഇത് പണപ്പെരുപ്പമുണ്ടാക്കും. ഇത് പെരുകി അധികം വൈകാതെ വീണ്ടും പ്രതിസന്ധിയുണ്ടാകുന്നു. ഡോട്കോം പ്രതിസന്ധി, ഹൗസിംഗ് ബൂം തുടങ്ങിയവയുടെയൊക്കെ വേര് കട സൃഷ്ടിപ്പിലാണ്, പലിശയിലാണ്. ഇസ്‌ലാം പലിശയും കടത്തിന്റെ കൊടുക്കൽ വാങ്ങലുകളും നിരോധിക്കുന്നു. പ്രതിസന്ധിയുടെ മൂല കാരണങ്ങളെ അറുത്തുമാറ്റുക വഴി ഇസ്‌ലാമിക് ഫിനാൻസ് പ്രതീക്ഷയുടെ തിരിനാളമാവുന്നു. എത്രത്തോളം എന്നത് ഇനിയും തെളിയിക്കേണ്ടതുണ്ടെങ്കിലും.

*വിവിധ രാജ്യങ്ങളിൽ ഇസ്‌ലാമിക് ഇൻഷുറൻസ് വളർന്നിട്ടുണ്ടല്ലോ. സാമ്പ്രദായിക ഇൻഷുറൻസുമായി ഇതിനുള്ള വ്യത്യാസം?*

ആധുനിക കാലഘട്ടത്തിൽ ഇൻഷുറൻസിന്റെ പ്രാധാന്യം മിക്ക പണ്ഡിതന്മാരും അംഗീകരിച്ചതാണ്. ഇതിന്റെ ആദ്യരൂപങ്ങൾ ഇസ്‌ലാമിക സമൂഹത്തിൽ നിലവിലുണ്ടായിരുന്നു. പ്രീമിയമായി പിരിച്ചെടുക്കുന്ന സംഖ്യ പലിശാധിഷ്ഠിതമായും അനുവദനീയമല്ലാത്ത ഇടപാടുകളിലും നിക്ഷേപിക്കുന്നു എന്നതാണ് സാമ്പ്രദായിക ഇൻഷുറൻസ് സംവിധാനത്തിന്റെ പ്രശ്നം. ഇസ്‌ലാമിക് ഇൻഷുറൻസിൽ പരസ്പര സഹകരണാടിസ്ഥാനത്തിലാണ് പ്രവർത്തനം. പലിശയല്ല, ലാഭമാണ് അധികമായി സൃഷ്ടിച്ച് ബോണസായി വിതരണം ചെയ്യപ്പെടുക. അവിടെ ചൂതാട്ടമോ അനിശ്ചിതത്വമോ സാധ്യമാവുന്നില്ല.

*ഇന്ത്യയിൽ ഇസ്‌ലാമിക് ഫിനാൻസിന്റെ സാധ്യത എത്രത്തോളമുണ്ട്? നീതിയും തുല്യതയുമെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ അതിനു കഴിയുമോ?*

മനുഷ്യാവകാശ സംരക്ഷണം, സ്ത്രീകളുടെ ശാക്തീകരണം, നിയമത്തിനു മുന്നിൽ തുല്യത, മുഴുവൻ മനുഷ്യർക്കും നീതി തുടങ്ങിയവയാണ് സെക്യുലരിസത്തിന്റെ ലക്ഷ്യങ്ങളെങ്കിൽ ഇസ്ലാം അതിനോടൊപ്പമാണ്. ഈ മൂല്യങ്ങളെല്ലാം ഇസ്ലാമും പ്രവാചകനും ഉയർത്തിപ്പിടിച്ച സന്ദേശങ്ങളാണ്. ഇസ്ലാമിക ശരീഅത്തിന്റെ ലക്ഷ്യം തന്നെ നീതിയാണ്. മുസ്‌ലിംകൾക്ക് മാത്രമല്ല, മുഴുവൻ മനുഷ്യരുടെയും നീതി. യൂറോപ്യർ ഇസ്ലാമിക് ഫിനാൻസ് സ്വാഗതം ചെയ്യുന്നത് ഇതു കൂടി മുന്നിൽ കണ്ടായിരിക്കാം. ഇന്ത്യയിലും നീതിയും തുല്യതയും യാഥാർഥ്യമാക്കാൻ ഇസ്ലാമിക് ബാങ്കിനു കഴിയും. ഇവിടെ ജനസംഖ്യയുടെ പകുതിയിലേറെ ബാങ്കിംഗ് മേഖലയിൽനിന്ന് അന്യവൽക്കരിക്കപ്പെട്ടിരിക്കെ അവരെക്കൂടി ഉൾക്കൊണ്ട വികസനം ഇസ്ലാമിക് ഫിനാൻസ് വഴി കഴിയും. ■

## ഡോ. മുഹമ്മദ് നജാത്തുല്ലാ സിദ്ദീഖി

**ലോകം** അംഗീകരിക്കുന്ന ഇസ്ലാമിക സാമ്പത്തികശാസ്ത്ര പണ്ഡിതനായ നജാത്തുല്ലാ സിദ്ദീഖി ജമാഅത്തെ ഇസ്ലാമി ആദ്യകാലത്ത് റാംപൂരിൽ സ്ഥാപിച്ച സാനവി ദർസ് ഗാഹിൽനിന്നാണ് പഠനം ആരംഭിച്ചത്. തുടർന്ന് അത്സംഗഢിലെ മദ്റസത്തുൽ ഇസ്ലാഹ്, അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി. റാംപൂരിലെ ദർസ്ഗാഹിൽനിന്ന് ലഭിച്ച ദീനീ വിജ്ഞാനമാണ് ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ അവഗാഹം നേടാൻ സഹായിച്ചതെന്ന് അദ്ദേഹം പലപ്പോഴും സ്മരിക്കുകയുണ്ടായി. 1966-ൽ അലീഗഢിൽനിന്ന് ഗവേഷണ ബിരുദം നേടി. ശേഷം അവിടെത്തന്നെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ ലക്ചറർ, പ്രഫസർ, ഇസ്ലാമിക് സ്റ്റഡീസ് വിഭാഗം പ്രഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് സുഊദി അറേബ്യയിലെ കിംഗ് അബ്ദുൽ അസീസ് യൂനിവേഴ്സിറ്റിയിൽ ഇസ്ലാമിക സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ പ്രഫസറായി നിയമിക്കപ്പെട്ടു. യൂനിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, ഇസ്ലാമിക് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ജിദ്ദ, ഇന്റർനാഷ്നൽ ഇസ്ലാമിക് യൂനിവേഴ്സിറ്റി ക്വാലാലമ്പൂർ, മലേഷ്യ എന്നിവിടങ്ങളിലും അധ്യാപകനായിരുന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്ണോമിസ്ക്, ഹാർവാർഡ് ലോ സ്കൂൾ തുടങ്ങി ലോക പ്രശസ്ത സ്ഥാപനങ്ങളിലും അദ്ദേഹം വിസിറ്റിംഗ് ലക്ചററായിട്ടുണ്ട്. അദ്ദേഹത്തിന്റെ നീണ്ട അധ്യാപന കാലയളവിൽ ഇന്ത്യ, സുഊദി അറേബ്യ, നൈജീരിയ എന്നിവിടങ്ങളിലായി നിരവധി ഗവേഷണ പ്രബന്ധങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

നിരവധി അംഗീകാരങ്ങളും ഇക്കാലയളവിൽ അദ്ദേഹത്തെ തേടിയെത്തി. ഇസ്ലാമിക പാണ്ഡിത്യത്തിനും സേവനത്തിനുമായി നൽകിവരുന്ന മുസ്‌ലിം ലോകത്തെ പരമോന്നത ബഹുമതിയായ കിംഗ് ഫൈസൽ അവാർഡ് 1982-ലാണ് അദ്ദേഹത്തിന് ലഭിച്ചത്. കൂടാതെ ഷാ വലിയ്യുല്ലാഹ് അവാർഡ് (2001, 2003), അമേരിക്കൻ ഫിനാൻസ് ഹൗസ് അവാർഡ് (1993), ഇസ്ലാമിക് ബാങ്കിംഗ് രംഗത്തെ സേവനത്തിനുള്ള തകാഫുൽ ഫോറം അവാർഡ് ന്യൂയോർക്ക് (2000) എന്നിവയും അദ്ദേഹത്തിനു ലഭിച്ചു.

ഇംഗ്ലീഷിൽ 17, ഉർദുവിൽ 13, അറബിയിൽ 7 എന്നിങ്ങനെ 37 ഗ്രന്ഥങ്ങളുടെ രചയിതാവാണ്. നിരവധി ഭാഷകളിലേക്ക് ഈ പുസ്തകങ്ങൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ രചനകളും ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് വിഷയങ്ങളിലാണെങ്കിലും ആദ്യകാലത്ത് ഉർദുവിൽ രചിച്ച ഗ്രന്ഥങ്ങളിൽ ഇസ്ലാമി അദബ്, മുസ്‌ലിം വ്യക്തിനിയമങ്ങൾ, ഇസ്ലാമിക പ്രസ്ഥാനങ്ങൾ ആധുനിക കാലഘട്ടത്തിൽ തുടങ്ങിയവയും ഉൾപ്പെടുന്നു. അന്താരാഷ്ട്ര തലത്തിൽ നടന്ന നിരവധി സെമിനാറുകളിൽ മുഖ്യ പ്രാസംഗികനായും പ്രബന്ധാവതാരകനായും പങ്കെടുത്തിട്ടുണ്ട്. അന്താരാഷ്ട്ര മാഗസിനുകളിൽ 64 അക്കാദമിക പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. പല അന്താരാഷ്ട്ര ഇസ്ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അക്കാദമിക് കൗൺസിൽ, അഡ്വൈസറി കൗൺസിൽ അംഗമായിട്ടുണ്ട്. നിരവധി പ്രസിദ്ധീകരണങ്ങളുടെ എഡിറ്റർ, എഡിറ്റോറിയൽ അഡ്വൈസർ എന്നീ ചുമതലകളും നിർവഹിച്ചു. 80-ാം വയസ്സിലും ഇനിയുമേറെ ചെയ്യാനുണ്ട് എന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തന നിരതനാണ്. കുടുംബത്തോടൊപ്പം കാലിഫോർണിയയിലാണ് ഇപ്പോൾ താമസം.

(കൂടുതൽ വിവരങ്ങൾക്ക് www.siddiqi.com/mns)